പതിമൂന്നാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1018

02/12/2015-ലെ മറുപടിയ്ക്ക്

## സർഫാസി നിയമം

| | ചോദ്യം<br>**ശ്രീ.എ. കെ. ബാലൻ** | | ഉത്തരം<br>**ശ്രീ.എ.പി അനിൽകുമാർ**<br>പട്ടികജാതി- പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | ബാങ്ക് വായ്പയെടുത്ത് തിരിച്ചടക്കാൻ കഴിയാതെ കഷ്ടപ്പെടുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കണമെന്ന് പട്ടികജാതി പട്ടിക വർഗ്ഗ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ടോ; | എ<br>&<br>ബി | എറണാകുളം ജില്ലയിൽ സർഫാസി ആക്ട് പ്രകാരം ഭൂമാഫിയയുമായി ഒത്തുചേർന്ന് പട്ടികജാതിക്കാരുടെ വീടും ഭൂമിയും നഷ്ടപ്പെട്ട കേസുകൾ ബഹു. പട്ടികജാതി പട്ടിക വർഗ്ഗ കമ്മീഷൻ മുമ്പാകെ പരിഗണനക്ക് വന്നിരുന്നു. പ്രസ്തുത കേസുകൾ സംബന്ധിച്ച് കമ്മീഷൻ എറണാകുളം ജില്ലാ പഞ്ചായത്ത് ഹാളിൽ ഒരു അദാലത്തും കമ്മീഷൻ ഓഫീസിൽ തുടർ വിചാരണയും നടത്തി പൊതുവായ വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. വായ്പ തിരിച്ചടവ് ഇളവ് നൽകുന്നതിനും, ഭൂമി നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും എറണാകുളം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഭൂമാഫിയയുടെ വഞ്ചനക്ക് വിധേയമായി വീടും കിടപ്പാടവും നഷ്ടപ്പെട്ടവർക്ക് നീതി ലഭ്യമാകുന്ന തരത്തിൽ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം തുടരുന്നതിനും ബന്ധപ്പെട്ട പോലീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത ശിപാർശയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | | |
| (സി) | ബാങ്കുകളുടെ സർഫാസി നിയമത്തിൽപ്പെട്ട പട്ടികജാതി വിഭാഗത്തിലെ നിരവധി പേരുടെ കിടപ്പാടവും ഭൂമിയും നഷ്ടപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ നിന്നും എത്ര സംഭവങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (സി) | ഉണ്ട്, എറണാകുളം ജില്ലയിൽ നിന്നും 10 കുടുംബങ്ങളുടെ പരാതി ലഭിച്ചിട്ടുണ്ട്. |
| (ഡി) | ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ ? | (ഡി) | പ്രസ്തുത വിഷയം സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി ചെയർമാന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ വിഷയത്തിൽ 1989 ലെ പട്ടിക ജാതികളും പട്ടിക വർഗ്ഗങ്ങളും(അതിക്രമം തടയൽ) നിയമ പ്രകാരമുള്ള നടപടി സ്വീകരിക്കുന്നതിനായി കൊച്ചി സിറ്റി പോലീസ് മേധാവിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ 8 കേസുകളിൽ 1989 ലെ പട്ടികജാതികളും പട്ടികവർഗ്ഗങ്ങളും (അതിക്രമം തടയൽ) നിയമ പ്രകാരമുള്ള സെക്ഷൻ ഉൾപ്പെടുത്തി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് . മൂന്നു കേസുകളിൽ , ചാർജ് ഷീറ്റ് സമർപ്പിച്ചിട്ടുള്ളതും , 2 കേസുകൾ അന്വേഷണം പൂർത്തിയാക്കി ചാർജ് ഷീറ്റ് സമർപ്പിക്കുന്ന അവസ്ഥയിലാണെന്നും, മൂന്നു കേസുകൾ തുടരന്വേഷണത്തിലുമാണെന്ന് ജില്ലാ പോലീസ് മേധാവി, കൊച്ചി (സിറ്റി) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.<br><br>Sabu KJ<br>സെക്ഷൻ ഓഫീസർ |